**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 775** **10-06-2021 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന തരൂർ മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ; | (എ) | തരൂർ മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് റോഡിന് കിഫ്ബിയിൽ നിന്നും 16.03.2018-ലെ ഉത്തരവ് പ്രകാരം 32.89 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് 10.04.2018-ലെ 24ാം ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ എസ്റ്റിമേറ്റ് പുനർ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 12 മീറ്റർ RoW-യിലേക്ക് വികസിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ലാൻഡ് അക്വിസിഷന് വേണ്ടി 60 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ ആവശ്യമായ RoW ലഭ്യമല്ലാത്തതിനാൽ ലഭ്യമായുള്ള വീതിയിൽ നിർമ്മാണം നടത്തുന്നത് പരിഗണിക്കണമെന്ന നിർദ്ദേശം കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അലൈൻമെന്റ് അന്തിമമായി തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഇത് വരെ പ്രസ്തുത പ്രവർത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | തരൂർ മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് റോഡിന് കിഫ്ബിയിൽ നിന്നും 16.03.2018-ലെ ഉത്തരവ് പ്രകാരം 32.89 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് 10.04.2018-ലെ 24ാം ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ എസ്റ്റിമേറ്റ് പുനർ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 12 മീറ്റർ RoW-യിലേക്ക് വികസിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ലാൻഡ് അക്വിസിഷന് വേണ്ടി 60 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ ആവശ്യമായ RoW ലഭ്യമല്ലാത്തതിനാൽ ലഭ്യമായുള്ള വീതിയിൽ |

| | | | |
|---|---|---|---|
| | | | നിർമ്മാണം നടത്തുന്നത് പരിഗണിക്കണമെന്ന നിർദ്ദേശം കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അലൈൻമെന്റ് അന്തിമമായി തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഈ പ്രവർത്തി ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളത് എന്ന് അറിയിക്കാമോ? | (സി) | പ്രവൃത്തിയുടെ അലൈൻമെന്റിന് കിഫ്ബിയിൽ നിന്നും അംഗീകാരം കിട്ടുന്ന മുറയ്ക്ക് പുതുക്കിയ അലൈൻമെന്റും ഡിസൈനും അനുസരിച്ചുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ സമർപ്പിച്ച് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനും തുടർന്ന് ടെണ്ടർ നടപടികൾ കൈക്കൊള്ളേണ്ടതുമായ നടപടിക്രമങ്ങളാണ് അവശേഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ